## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2748 — 19.02.2016 ൽ മറുപടിയ്ക്ക്

### നെല്ല് സംഭരണത്തിലെ കുടിശ്ശിക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെല്ല് സംഭരിച്ച വകയിൽ ആലപ്പുഴ ജില്ലയിലെ നെൽ കർഷകർക്ക് എത്ര തുക നൽകുവാനുണ്ട്; | (എ) സപ്ലൈകോ നെല്ല് സംഭരിച്ച വകയിൽ ആലപ്പുഴ ജില്ലയിലെ നെൽ കർഷകർക്ക് 19.80 ലക്ഷം രൂപ 01.01.2016 മുതൽ 14.02.2016 വരെ SIB (State Incentive Bonus) ഇനത്തിൽ നൽകുവാനുണ്ട്. |
| (ബി) കർഷകരിൽ നിന്നും നെല്ല് സംഭരിക്കുമ്പോൾ തന്നെ പണം നൽകുവാൻ നടപടി സ്വീകരിക്കുമോ; | (ബി) സ്വീകരിക്കുന്നതാണ് |
| (സി) നെല്ല് സംഭരണം നടത്തുന്നതിന് കേന്ദ്ര സർക്കാർ സഹായം ലഭിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) നെല്ല് സംഭരണം നടത്തുന്നതിന് കേന്ദ്ര സർക്കാർ സഹായം ലഭിക്കുന്നുണ്ട്. സംഭരിക്കുന്ന നെല്ലിന് കിലോ ഗ്രാമിന് 14.10 രൂപ പ്രകാരം താങ്ങു വിലയും മറ്റ് അനുബന്ധ ചെലവുകളും കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്നു.<br><br>കേന്ദ്ര സർക്കാരിന്റെ ഭക്ഷ്യ പൊതുവിതരണ വകുപ്പ് രൂപം കൊടുത്ത വികേന്ദ്രീകൃത ധാന്യ സംഭരണ പദ്ധതിയുടെ ഭാഗമായി ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ മേൽനോട്ടത്തിൽ കേരളത്തിൽ സപ്ലൈകോ നിർവ്വഹണ ഏജൻസിയായി നെല്ല് സംഭരണ സംസ്കരണ വിപണന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൽ സംഭരിക്കുന്ന നെല്ല് സംസ്കരിച്ച് അരിയാക്കി പൊതുവിതരണ സമ്പ്രദായത്തിലൂടെ വിതരണം ചെയ്യുന്നു.<br><br>സംഭരിക്കപ്പെടുന്ന നെല്ലിൽ നിന്ന് 68% അരി പൊതു വിതരണ സമ്പ്രദായത്തിലൂടെ വിതരണം ചെയ്തു കഴിഞ്ഞാൽ അരിയുടെ വില കണക്കാക്കി തുക ലഭ്യമാക്കുന്നു. |

സെക്ഷൻ ഓഫീസർ